**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3724** **26-10-2021 - ൽ മറുപടിയ്ക്ക്**

**കേരളത്തിലെ ക്ഷീര ഉൽപ്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.പി. ചിത്തരഞ്ജൻ | | Smt J Chinchurani<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സങ്കരയിനം പശുക്കൾ, നാടൻ പശുക്കൾ, ആട് എന്ന ക്രമത്തിൽ ഇനം തിരിച്ച് കേരളത്തിലെ ക്ഷീര ഉൽപ്പാദനത്തിന്റെ കണക്ക് ലഭ്യമാക്കാമോ; | (എ) | 2020-21 വർഷത്തെ സംസ്ഥാനത്തെ ക്ഷീര ഉൽപ്പാദനത്തിന്റെ കണക്ക് (പ്രൊവിഷണൽ) ചുവടെ ചേർക്കുന്നു. സങ്കരയിനം പശു-2370.28 മെട്രിക് ടൺ നാടൻ പശു-4.37 മെട്രിക് ടൺ ആട്-119.22 മെട്രിക് ടൺ |
| (ബി) | എൻ ഡി കന്നുകാലികൾ, നാടൻ എരുമകൾ എന്നിവയിലൂടെയുള്ള ക്ഷീര ഉൽപാദനത്തിന്റെ കണക്ക് ലഭ്യമാക്കാമോ; | (ബി) | 2020-21 വർഷത്തെ സംസ്ഥാനത്തെ ക്ഷീര ഉൽപ്പാദനത്തിന്റെ കണക്ക് (പ്രൊവിഷണൽ) ചുവടെ ചേർക്കുന്നു. എൻ.ഡി കന്നുകാലികൾ എൻ.ഡി.പശു-27.57 മെട്രിക് ടൺ എൻ.ഡി.എരുമ-3.81 മെട്രിക് ടൺ നാടൻ എരുമ-8.61 മെട്രിക് ടൺ |
| (സി) | ക്ഷീര ഉൽപ്പാദനം വർദ്ധിപ്പിച്ച് ജനങ്ങൾക്ക് ശുദ്ധമായ പാൽ ലഭ്യമാക്കാൻ സർക്കാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ? | (സി) | ക്ഷീര ഉൽപാദനം വർദ്ധിപ്പിക്കാനായി ഈ സർക്കാർ ക്ഷീരോല്പാദന മേഖലയിൽ വിവിധങ്ങളായ പദ്ധതികളിലൂടെ ക്ഷീരകർഷകർക്ക് കൈത്താങ്ങാവുന്നു. മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീര ഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/ നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കി വരുന്നത്. കർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികളും ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്നു. ജനങ്ങൾക്ക് ശുദ്ധമായ പാൽ ലഭ്യത ഉറപ്പാക്കുന്നതിന് സംസ്ഥാനത്തെ എല്ലാ ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലാബുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതരസംസ്ഥാനങ്ങളിൽ നിന്നു |

| | | | |
|---|---|---|---|
| | | | വരുന്ന പാലും പാലുല്പന്നങ്ങളും പരിശോധിക്കുന്നതിനായി മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല എന്നീ അതിർത്തി ചെക്ക്പോസ്റ്റുകളിൽ സ്ഥിരം ലാബുകളും പ്രവർത്തിക്കുന്നുണ്ട്. മറ്റ് വിശദമായ പരിശോധന ആവശ്യമുള്ള പക്ഷം കാസർഗോഡ്, പാലക്കാട്, കോട്ടയം എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന റീജിയണൽ ലാബിലേയ്ക്കും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഡയറി ലാബിലേയ്ക്കും പാൽ സാമ്പിൾ ലഭ്യമാക്കുന്നുണ്ട്. പശുക്കുട്ടികളെ ശാസ്ത്രീയമായി വളർത്തി മികച്ച ഉൽപ്പാദനക്ഷമതയുള്ള പശുക്കളാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കി വരുന്ന കന്നുകുട്ടി പരിപാലന പദ്ധതി പ്രകാരം പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷ്വറൻസ് പരിരക്ഷ എന്നിവ ഉറപ്പാക്കുന്നു, ഒരു യൂണിറ്റിന് 12,500/- രൂപ സബ്സിഡി നൽകി വരുന്നു. ഇന്ററസ്റ്റ് സബ്‌വെഷൻ സ്കീമിലൂടെ മൃഗസംരക്ഷണാവശ്യങ്ങൾക്കായി കർഷകർ എടുത്തിട്ടുള്ള ലോണുകൾക്ക് 5000/- രൂപ വരെ പലിശ നിശ്ചയിച്ച് സബ്സിഡി നൽകുന്നു. കറവയന്ത്രം വിതരണം ചെയ്യുന്ന പദ്ധതിയിലൂടെ കറവയന്ത്രം സ്ഥാപിക്കുന്ന പദ്ധതികൾക്ക് ഒരു ഗുണഭോക്താവിന് 25000/ രൂപ ധനസഹായം നൽകുന്നു. കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെ പറയുന്ന റീബിൾഡ് കേരള (RKI) പദ്ധതിയും നടപ്പാക്കി വരുന്നു. i) പശു വളർത്തൽ- 2 പശുക്കൾ അടങ്ങുന്ന യൂണിറ്റ് ഒന്നിന് 60,000/- രൂപ സഹായം ii) കിടാരി വളർത്തൽ- ഒരു കിടാരി അടങ്ങുന്ന യൂണിറ്റ് ഒന്നിന് 15,000/- രൂപ സഹായം iii) കാലിത്തീറ്റ സബ്സിഡി-6 മാസ കാലയളവിലേയ്ക്കുള്ള തീറ്റ 1,000/- രൂപ വച്ച് 6 മാസം സഹായം. iv) തൊഴുത്ത് നിർമ്മാണത്തിന് സഹായം- യൂണിറ്റ് ഒന്നിന് പരമാവധി 25,000/- രൂപ v) ഫാം യന്ത്രവത്ക്കരണത്തിന് ധനസഹായം-യൂണിറ്റ് ഒന്നിന് പരമാവധി 1 ലക്ഷം രൂപ vi) തീറ്റപ്പുൽകൃഷിയ്ക്ക് സഹായം- ഹെക്ടർ ഒന്നിന് പരമാവധി 30,000/- രൂപ കൂടാതെ, കേരള ഫീഡ്സ് ഉല്പാദിപ്പിക്കുന്ന കേരമിൻ എന്ന ധാതുലവണ മിശ്രിതം എല്ലാ മൃഗാശുപത്രികൾ വഴിയും സൗജന്യമായി വിതരണം നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ